LIBRARY ARCHIVES Kerala Legislative Assembly

പാവറട്ടി ശുദ്ധജല പദ്ധതി പ്രവർത്തനം

141 (1869) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല മണ്ഡലത്തിലെ പാവറട്ടി ശുദ്ധജല പദ്ധതി പ്രവർത്തനം പദ്ധതി വിഭാവനം ചെയ്തരീതിക്ക് അനുസൃതമായിട്ടാണോ നടന്നു വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) കേടായ മോട്ടോറുകൾ റീവൈൻഡ് ചെയ്യുന്നതിനും പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) നിലവിൽ പാവറട്ടി പദ്ധതിയിൽനിന്നും ഏതൊക്കെ പ്രദേശങ്ങൾക്കാണ് ശുദ്ധജലം വിതരണം ചെയ്യുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തരീതിയിൽ പൂർണ്ണതോതിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാവറട്ടി ശുദ്ധജല വിതരണപദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് 18 പഞ്ചായത്തുകൾക്കുവേണ്ടിയാണ്. എന്നാൽ, ഉറവിടത്തിലെ ജല പരിമിതിമൂലം പദ്ധതി 10 പഞ്ചായത്തുകൾക്കായി പരിമിതപ്പെടുത്തി.

(ബി) കേടായ മോട്ടോറുകൾ റീ-വൈൻഡ് ചെയ്യുന്നതിനും തീരദേശ വികസന പദ്ധതികൾ ഉൾപ്പെടുത്തി പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പാവറട്ടി പദ്ധതിയിൽനിന്നും തൃത്താല, ചാലിശ്ശേരി, നാഗശ്ശേരി, തിരുമിറ്റക്കോട്, കടവല്ലൂർ, പോർക്കുളം, കാട്ടകാമ്പൽ, വടക്കേക്കാട്, പുന്നയൂർ, പുന്നയൂർക്കുളം എന്നീ പത്ത് പഞ്ചായത്തുകൾക്കാണ് ജലവിതരണം നടത്തുന്നത്.

(ഡി) പദ്ധതിയുടെ ഉറവിടത്തിൽ ജലലഭ്യത കുറവായതിനാൽ പദ്ധതി വിഭാവന ചെയ്ത രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. ബാക്കി 8 പഞ്ചായത്തുകളെകൂടി ഉൾപ്പെടുത്തി ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കോവളം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെകീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ

142 (1870) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള വിവിധ വിഭാഗങ്ങൾ 2009-10, 2010-11 വർഷങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റ് തുകയും ഇപ്പോൾ ഇവയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ കോവളം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെകീഴിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഭൂജലവ്കുപ്പിന്റെകീഴിൽ കോവളം നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് 2010-11-ൽ പൂവാർ തെറ്റിക്കാട് ബണ്ടുകോളനി പ്രദേശത്ത് മിനി ജലവിതരണ കുടിവെള്ള പദ്ധതി നടപ്പിലാക്കി.

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-2) കീഴിൽ കോവളം നിയോജക മണ്ഡലത്തിൽ 2009-10, 2010-11 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

നെയ്യാർ ജലസേചന പദ്ധതിയുടെ ബ്രാഞ്ച് ചാനലുകളായ പൂവാർ ഈസ്റ്റ്, വിഴിഞ്ഞം, വെള്ളയാണി വെസ്റ്റ്, വെള്ളയാണി ഈസ്റ്റ് എന്നിവയുടെ കോവളം നിയോജകമണ്ഡലത്തിൽകൂടി കടന്നുപോകുന്ന ഭാഗങ്ങളിൽ 2009-10-ൽ 56.80 ലക്ഷം രൂപയുടെ അടങ്കൽ തുകയുടെ വിവിധതരം അറ്റകുറ്റപ്പണികളും 2010-11-ൽ 57.20 ലക്ഷം രൂപ അടങ്കൽ തുകയുള്ള വിവിധതരം അറ്റകുറ്റപ്പണികളും നടപ്പാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെകീഴിൽ കോവളം നിയോജകമണ്ഡലത്തിൽ 2009-10-ൽ സുനാമി ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി വിഴിഞ്ഞം ശുദ്ധജല വിതരണ പദ്ധതിയുടെ ഗ്യാലറി പുനരുദ്ധാരണ പ്രവൃത്തിയും സിസിലിപുരം വാർഡിൽ 2 മിനി വാട്ടർസപ്ലൈ സ്കീം നിർമ്മാണവും നടത്തിയിട്ടുണ്ട്.

കോവളം നിയോജകമണ്ഡലത്തിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ധനസഹായത്തോടെ 2009-10-ൽ പദ്ധതി 609/2008 പ്രകാരം വിവിധ പ്രദേശങ്ങളിലേക്ക് ശുദ്ധജല വിതരണ പൈപ്പുകൾ നീട്ടുന്ന പ്രവർത്തികളും 2010-11-ൽ പദ്ധതി 731/2010 പ്രകാരം കാക്കാമൂല പമ്പ് ഹൗസിൽനിന്നും പൂങ്കുളം ഭാഗത്തേക്ക് പമ്പിംഗ് മെയിൻ സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കോവളംമണ്ഡലത്തിലെ കാഞ്ഞിരംകുളം, കരുംകുളം എന്നീ പഞ്ചായത്തുകൾ ഉൾപ്പെടെ പാറശ്ശാലയും സമീപ 11 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് സർക്കാർ മാന്ദ്യ വിരുദ്ധ പദ്ധതിയിലും ഉൾപ്പെടുത്തി 136 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡിപ്പോസിറ്റ് പണിയായി വിഴിഞ്ഞം ട്രാൻഷിപ്പ്മെന്റ് ടെർമിനലിലേക്കുള്ള ശുദ്ധജലം എത്തിക്കുന്നതിനായി 486 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭൂജലവകുപ്പിന്റെകീഴിൽ നടപ്പിലാക്കിയ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 2,58,415 രൂപ പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ച് കമ്മീഷനിംഗ് ചെയ്തു.

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-2) കീഴിൽ 2009-10 വർഷം നടപ്പാക്കിയ പണികളിൽ 12.30 ലക്ഷം മൊത്തം അടങ്കൽ തുക വരുന്ന നാല് പണികളും 2010-11-ൽ നടപ്പാക്കിയ പണികളിൽ 49 ലക്ഷം രൂപ മൊത്തം അടങ്കൽ തുക വരുന്ന പതിമൂന്നു പണികളും നടന്നുവരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെകീഴിൽ പാറശ്ശാലയും സമീപ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ അടങ്കൽ തുക 136 കോടി രൂപയാണ്. ഈ പദ്ധതിയുടെ പ്രധാന ഘടകമായ കാളിപ്പാറയിൽനിന്നും പൊൻവിളവരെ ശുദ്ധജലം എത്തിക്കുന്ന 38 കിലോമീറ്റർ നീളമുള്ള പ്രധാന പൈപ്പുലൈൻ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് വിളിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ പ്രധാന പണിയുടെ എസ്റ്റിമേറ്റ് തുക 72 കോടി രൂപയാണ്. കോവളം മണ്ഡലത്തിൽപ്പെട്ട കാഞ്ഞിരംകുളം കരുംകുളം എന്നീ പഞ്ചായത്തുകളിൽ പുതിയ സംഭരണികൾ സ്ഥാപിക്കുക, പ്രധാന പൈപ്പുലൈനുകൾ സ്ഥാപിക്കുക/മാറ്റി സ്ഥാപിക്കുക/പഴകിയ വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുക/പുതിയ ലൈനുകൾ സ്ഥാപിക്കുക തുടങ്ങിയ അനുബന്ധ പണികൾക്ക് 7 കോടി രൂപ, 136 കോടി രൂപയുടെ പ്രധാന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ജലസംഭരണി നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്തുകൾ വാട്ടർ അതോറിറ്റിക്ക് കൈമാറുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ ആരംഭിക്കുന്നതാണ്.

വിഴിഞ്ഞം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 486 ലക്ഷം രൂപയാണ്. ഇതിന്റെ ദർഘാസുകൾ വാട്ടർ അതോറിറ്റിയുടെ ഹെഡാഫീസിൽ പരിശോധനയിലാണ്.

1. വിഴിഞ്ഞം ശുദ്ധജല വിതരണ ഗ്യാലറിയുടെ പുനരുദ്ധാരണം എസ്റ്റിമേറ്റ് തുക 57 ലക്ഷം രൂപ.
2. എംഡബ്ല്യൂഎസ്എസ്- സിസിലിപുരം 20 ലക്ഷം രൂപ.
3. പദ്ധതി 609/08 അടങ്കൽ തുക-40 ലക്ഷം രൂപ.
4. പദ്ധതി 731/2010 അടങ്കൽ തുക 25 ലക്ഷം രൂപ.

മേൽപ്പറഞ്ഞ 4 പദ്ധതികൾ എല്ലാം പൂർത്തിയായി.

എ.എസ്. നഗർ ശുദ്ധജല വിതരണ പദ്ധതി

143 (1871) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എ. എസ്. നഗർ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly